എ.വൈ.ആർ

സൂറ-10

# യൂനുസ്

قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَـٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴿٣١﴾

**31** പ്രവാചകൻ അവരോടു ചോദിക്കുക: ആകാശഭൂമികളിൽനിന്ന് നിങ്ങൾക്ക് അന്നം നൽകുന്നത് ആരാണ്? കേൾവിയും കാഴ്ചയും ആരുടെ അധീനത്തിലാണ്? ജീവനുള്ളതിനെ ജീവനില്ലാത്തതിൽനിന്ന് ഉളവാക്കുന്നതും ജീവനില്ലാത്തതിനെ ജീവനുള്ളതിൽനിന്ന് ഉളവാക്കുന്നതും ആരാണ്? ഈ പ്രാപഞ്ചിക കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് ആരാണ്? അതൊക്കെയും അല്ലാഹുവാണെന്ന് തീർച്ചയായും അവർ പറയും. നീ ചോദിക്കുക: എന്നിട്ടും നിങ്ങൾ അവനോട് ഭക്തിയുള്ളവരാവാത്തതെന്ത്?

فَذَٰلِكُمُ ٱللَّهُ رَبُّكُمُ ٱلْحَقُّ ۖ فَمَاذَا بَعْدَ ٱلْحَقِّ إِلَّا ٱلضَّلَـٰلُ ۖ فَأَنَّىٰ تُصْرَفُونَ ﴿٣٢﴾

**32** എന്നാൽ അതേ അല്ലാഹു തന്നെയാകുന്നു നിങ്ങളുടെ യഥാർഥ വിധാതാവ്. പിന്നെ സത്യമാർഗത്തിനുശേഷം പിഴച്ച മാർഗമല്ലാതെ മറ്റെന്താണുള്ളത്? ഇനിയും നിങ്ങളെങ്ങോട്ടാണ് തെറ്റിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്?

كَذَٰلِكَ حَقَّتْ كَلِمَتُ رَبِّكَ عَلَى ٱلَّذِينَ فَسَقُوٓا۟ أَنَّهُمْ لَا يُؤْمِنُونَ ﴿٣٣﴾

**33** ധർമധിക്കാരത്തിന്റെ മാർഗം സ്വീകരിച്ചവരെക്കുറിച്ച്, അവർ സത്യം അംഗീകരിക്കുകയില്ല എന്ന നിന്റെ നാഥന്റെ വചനം ഇപ്രകാരം യാഥാർഥ്യമായി പുലർന്നിരിക്കുന്നു.

قُلْ هَلْ مِن شُرَكَآئِكُم مَّن يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ ۚ قُلِ ٱللَّهُ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ ۖ فَأَنَّىٰ تُؤْفَكُونَ ﴿٣٤﴾

**34** അവരോടു ചോദിച്ചുനോക്കുക: നിങ്ങൾ ആരാധിക്കുന്ന ബഹുദൈവങ്ങളിൽ സൃഷ്ടി ആരംഭിക്കുകയും പിന്നെ അതാവർത്തിക്കുകയും ചെയ്യുന്നവരാരെങ്കിലുമുണ്ടോ? നീ പറയുക: ആദിയിൽ സൃഷ്ടിക്കുകയും പിന്നീടതിനെ പുനഃസൃഷ്ടിക്കുകയും ചെയ്യുന്നത് അല്ലാഹു മാത്രമാകുന്നു. എന്നിട്ടും നിങ്ങൾ അട്ടിമറിക്കപ്പെടുന്നതെങ്ങനെ?

قُلْ = പ്രവാചകൻ അവരോടു ചോദിക്കുക مَن يَرْزُقُكُم = ആരാണ് നിങ്ങൾക്ക് വിഭവം (അന്നം) നൽകുന്നത്

مِّنَ ٱلسَّمَآءِ وَٱلۡأَرۡضِ= ആകാശ ഭൂമികളിൽനിന്ന് أَمَّن يَمۡلِكُ= അതല്ലെങ്കിൽ ആരാണ് അധീനമാക്കുന്നത് (ആരുടെ അധീനത്തിലാണ്)

ٱلسَّمۡعَ وَٱلۡأَبۡصَـٰرَ= കാഴ്ചയും കേൾവിയും وَمَن يُخۡرِجُ= ആരാണ് പുറപ്പെടുവിക്കുന്നത്, ഉളവാക്കുന്നത് ٱلۡحَيَّ= ജീവനുള്ളതിനെ

مِنَ ٱلۡمَيِّتِ= ജീവനില്ലാത്തതി(ശവത്തി)ൽനിന്ന് وَيُخۡرِجُ= ഉളവാക്കുന്നതും ٱلۡمَيِّتَ= ജീവനില്ലാത്തതിനെ, ശവത്തിനെ

مِنَ ٱلۡحَيِّ= ജീവനുള്ളതിൽനിന്ന് وَمَن يُدَبِّرُ= ആസൂത്രണം (ചെയ്ത് നടപ്പിലാക്കുന്നത്) ചെയ്യുന്നത് ആരാണ്

ٱلۡأَمۡرَۚ= (പ്രാപഞ്ചിക) കാര്യം فَسَيَقُولُونَ ٱللَّهُۚ= തീർച്ചയായും അവർ (അതൊക്കെയും) അല്ലാഹുവാണെന്ന് പറയും

فَقُلۡ= അപ്പോൾ നീ ചോദിക്കുക أَفَلَا تَتَّقُونَ= എന്നിട്ട്(ട്ടും) നിങ്ങൾ (അല്ലാഹുവിനോട്)ഭക്തിയുള്ളവരാവാത്തതെന്ത്?

فَذَٰلِكُمُ ٱللَّهُ= എന്നാൽ അതേ അല്ലാഹുവാകുന്നു رَبُّكُمُ ٱلۡحَقُّۖ= നിങ്ങളുടെ യഥാർഥ വിധാതാവ്

فَمَاذَا بَعۡدَ ٱلۡحَقِّ= സത്യ(മാർഗ)ത്തിനുശേഷം എന്താണുള്ളത് إِلَّا ٱلضَّلَـٰلُۖ= അല്ലാതെ പിഴക്കൽ(പിഴച്ച മാർഗം)

فَأَنَّىٰ تُصۡرَفُونَ= അപ്പോൾ (ഇനിയും) നിങ്ങൾ എങ്ങോട്ടാണ് തെറ്റിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് كَذَٰلِكَ= ഇപ്രകാരം

حَقَّتۡ= യാഥാർഥ്യമായി (പുലർന്നിരിക്കുന്നു) كَلِمَتُ رَبِّكَ= നിന്റെ നാഥന്റെ വചനം

عَلَى ٱلَّذِينَ فَسَقُوٓاْ= (ധർമധിക്കാരത്തിന്റെ മാർഗം സ്വീകരിച്ചവരെക്കുറിച്ച്) ധിക്കാരം പ്രവർത്തിച്ചിരുന്നവരുടെമേൽ

أَنَّهُمۡ= എന്തെന്നാൽ അവർ لَا يُؤۡمِنُونَ= (സത്യം അംഗീകരിക്കുകയില്ല) വിശ്വസിക്കുകയില്ല

قُلۡ= (അവരോടു ചോദിച്ചു നോക്കുക) പറയുക هَلۡ مِن شُرَكَآئِكُم= നിങ്ങളുടെ പങ്കാളികളിൽ(ശ് ആക്കി ആരാധിക്കുന്ന ബഹുദൈവങ്ങളിൽ)ഉണ്ടോ

مَّن يَبۡدَؤُاْ= ആരെങ്കിലും ആരംഭിക്കു(കയും)ന്ന ٱلۡخَلۡقَ= സൃഷ്ടി

ثُمَّ يُعِيدُهُۥۚ= (പിന്നെ അതിനെ ആവർത്തിക്കുന്നവൻ(ക്കുകയും ചെയ്യുന്നവൻ) قُلِ= നീ പറയുക

ٱللَّهُ يَبۡدَؤُاْ ٱلۡخَلۡقَ= (ആദിയിൽ സൃഷ്ടിക്കുകയും) അല്ലാഹു മാത്രമാകുന്നു സൃഷ്ടി ആരംഭിക്കുന്നത്

ثُمَّ يُعِيدُهُۥۖ= (പിന്നീട് പുനഃസൃഷ്ടിക്കുകയും ചെയ്യുന്നത്) പിന്നെ അതിനെ മടക്കുന്നത് فَأَنَّىٰ= എന്നിട്ടും എങ്ങനെയാണ്

تُؤۡفَكُونَ= നിങ്ങൾ അട്ടിമറിക്കപ്പെടുന്നത്

**31,32:** ഈ സൂക്തത്തിൽ പറയുന്ന കാര്യങ്ങളെല്ലാം ഖുർആൻ മുമ്പ് പല സന്ദർഭങ്ങളിൽ പല ശൈലികളിലായി അവതരിപ്പിച്ചിട്ടുള്ളതാണ്. ഖുർആന്റെ പ്രഥമ സംബോധിതരായിരുന്ന അറബികൾ, എല്ലാ ദൈവങ്ങൾക്കും മീതെ ഒരു പരമേശ്വരനുണ്ടെന്നും അവനാണ് യഥാർഥത്തിൽ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കുടയവനെന്നും അവരുടെ ഉള്ളിന്റെ ഉള്ളിൽ സമ്മതിച്ചിരുന്നുവെന്നതാണ് ഈ കാര്യം ആവർത്തിച്ചനുസ്മരിക്കുന്നതിന്റെ പശ്ചാത്തലം. സർവേശ്വരൻ ഏകനാണെങ്കിലും തങ്ങൾ ആരാധിക്കുന്ന ദേവീദേവന്മാരും മറ്റു ശക്തികളും ആ സർവേശ്വരന്റെ പങ്കാളികളാണ്. തങ്ങളുടെ ഭാഗധേയം നിയന്ത്രിക്കുന്നത് ഈ പങ്കാളികളാണ്. ഈ ലോകത്ത് തങ്ങളെ അനുഗ്രഹിക്കാനും ഔദാര്യങ്ങൾ ചൊരിഞ്ഞു തരാനും അവർക്കാകും. പരലോകം എന്നൊന്നുണ്ടെങ്കിൽ അവിടെയും രക്ഷിക്കാൻ അവരുണ്ടാവും. അതിനാൽ അവരെ ആരാധിച്ചു പ്രീതിപ്പെടുത്തിയാൽ ഇരുലോകത്തും രക്ഷപ്പെടാം. ഇതായിരുന്നു അവരുടെ നിലപാട്. പക്ഷേ, മാനത്തുനിന്ന് മഴപെയ്യിക്കുന്നതും അതുവഴി മനുഷ്യർക്കും തിര്യക്കുകൾക്കും ആഹരിക്കാൻ വിളകൾ ഉൽപാദിപ്പിക്കുന്നതും മനുഷ്യർക്ക് ശ്രവണദർശനാദി ഇന്ദ്രിയങ്ങൾ പ്രദാനം ചെയ്യുന്നതും അചേതന വസ്തുക്കളെ സചേതനങ്ങളാക്കുന്നതും സചേതനങ്ങളെ അചേതനങ്ങളാക്കുന്നതും ഈ പ്രപഞ്ചത്തെ സംവിധാനിച്ചു ഭരിച്ചുകൊണ്ടിരിക്കുന്നതുമെല്ലാം അല്ലാഹുവാണെന്ന യാഥാർഥ്യം നിഷേധിക്കാൻ അവർക്കു കഴിഞ്ഞിരുന്നില്ല. തങ്ങൾക്കു വേണ്ടതെല്ലാം അല്ലാഹുവിൽനിന്ന് വാങ്ങിത്തരുന്ന മധ്യവർത്തികളാണ് അവനെ കൂടാതുള്ള ആരാധ്യർ എന്നായിരുന്നു സങ്കൽപം. ഈ സങ്കൽപങ്ങളെ മുൻനിർത്തി അവരോട് ചോദിക്കുകയാണ്: നിങ്ങൾക്ക് അന്നം നൽകുന്നത് അല്ലാഹു, ശാരീരികവും മാനസികവുമായ കഴിവുകളും യോഗ്യതകളും നൽകുന്നത് അല്ലാഹു, നിങ്ങളെ ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും അല്ലാഹു. എന്നിട്ടും നിങ്ങൾ അല്ലാഹുവിനോട് ഭക്തി പുലർത്തുകയും അവനെ ആരാധിക്കുകയും ചെയ്യാതെ സാങ്കൽപിക ദേവീദേവന്മാരെയും സിദ്ധന്മാരെയും ആരാധിക്കുന്നതിനെന്തു ന്യായമാണുള്ളത്?

പഞ്ചേന്ദ്രിയങ്ങളിൽ ഏറ്റവും പ്രധാനമായ കാതിന്റെയും കണ്ണിന്റെയും പരാമർശത്തിലൂടെ മനുഷ്യന്റെ ജ്ഞാനോപാധികളായ എല്ലാ ഇന്ദ്രിയങ്ങളും അല്ലാഹുവിന്റെ ഔദാര്യമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇന്ദ്രിയശക്തികളിൽ ഏതും എപ്പോൾ വേണമെങ്കിലും ആർക്കും നിഷേധിക്കാനും നൽകാനും അവന്നധികാരമുണ്ട്. ഇതാണ് يَمۡلِكُ (ഉടമപ്പെടുത്തുന്നു, അധികാരത്തിനു വിധേയമാക്കുന്നു) എന്ന വാക്കിന്റെ ധ്വനി. കാഴ്ചക്കു മുമ്പായി കേൾവിയെ പരാമർശിച്ചത്, മനുഷ്യനിൽ ആദ്യം പ്രവർത്തിച്ചു തുടങ്ങുന്നത് കേൾവിശക്തിയായതുകൊണ്ടാണ്. ജനിച്ചുവീണ ഉടനെത്തന്നെ കേൾവി തുടങ്ങുന്നു. മൂന്നുമുതൽ പതിനഞ്ചുവരെ ദിവസത്തിനകമാണ് കാഴ്ച പ്രവർത്തിച്ചു തുടങ്ങുക. سمع (കേൾവി, കാത്) എന്ന് ഏകവചനവും, أبصار (കാഴ്ചകൾ, കണ്ണുകൾ) എന്ന ബഹുവചനവുമാണ് ഉപയോഗിച്ചിരിക്കുന്നത്. ഖുർആൻ പലയിടത്തും കാഴ്ചയെ ഇപ്രകാരം ബഹുവചനത്തിൽ പറയുന്നുണ്ട്. എന്നാൽ കേൾവിയെ എല്ലായിടത്തും ഏകവചനത്തിലാണ് പറയുന്നത്. പണ്ഡിതന്മാർ ഇതിനെ വിശദീകരിച്ചിട്ടുള്ളത് ഇങ്ങനെയാണ്: കേൾവിക്ക് ഒറ്റ അവസ്ഥയേ ഉള്ളൂ. മുന്നിലും പിന്നിലും ഇടത്തും വലത്തുമുള്ള ശബ്ദം ഇരുട്ടിലും വെളിച്ചത്തിലും ചെവി ഒരുപോലെ പിടിച്ചെടുക്കുന്നു. പക്ഷേ ഇടത്തും വലത്തും പിന്നിലുമുള്ള വസ്തുക്കൾ

കാണാൻ നാം ആ വശത്തേക്ക് തിരിഞ്ഞു നോക്കണം. ഇരുട്ടിലാവട്ടെ മുന്നിലുള്ളതുപോലും കാണാൻ കഴിയുകയില്ല. വെളിച്ചത്തിന്റെ ഏറ്റക്കുറവനുസരിച്ച് കാഴ്ചയുടെ വ്യക്തതയിലും ഏറ്റക്കുറവുണ്ടാകും. കാഴ്ചയിലുള്ള ഈ അവസ്ഥാ വൈവിധ്യത്തെയാണ് കാഴ്ചകൾ -أبصار- എന്ന ബഹുവചനം കൊണ്ട് സൂചിപ്പിക്കുന്നത്.

സചേതനം, അചേതനം എന്നീ അർഥങ്ങളിലാണ് ഇവിടെ ميّت–حيّ എന്നീ പദങ്ങൾ ഉപയോഗിച്ചിട്ടുള്ളത്. വളർച്ചയും ഇഛാപൂർവമായ ചലനവും ഉള്ളതാണ് സചേതന വസ്തു; ഇതുരണ്ടുമില്ലാത്തത് അചേതനവും. അചേതനത്തിൽനിന്ന് സചേതനത്തെയും സചേതനത്തിൽനിന്ന് അചേതനത്തെയും ഉളവാക്കുന്നു എന്ന വാക്യത്തിന് രണ്ടു വ്യാഖ്യാനമുണ്ട്. അചേതനമായ ബീജത്തിൽനിന്നും അണ്ഡത്തിൽനിന്നും സചേതനമായ മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവയെ ഉളവാക്കുകയും അവയിൽനിന്ന് പിന്നെയും അചേതനമായ ബീജവും അണ്ഡവും ഉളവാക്കുകയും അങ്ങനെ അചേതന സചേതന പരമ്പര രാപ്പകലുകൾ പോലെ തുടരുകയും ചെയ്യുക. ഉണങ്ങി ശുഷ്കിച്ച വിത്തുകളിൽനിന്ന് വളർന്ന് പുഷ്പിക്കുന്ന സസ്യങ്ങളെ ഉളവാക്കുന്നതും ആ സസ്യങ്ങൾ പിന്നെയും വിത്തുകളുൽപാദിപ്പിക്കുന്നതും ഇപ്രകാരം തന്നെ. ബീജവും അണ്ഡവും യഥാർഥത്തിൽ നിർജീവ വസ്തുക്കളല്ല എന്ന ശാസ്ത്രത്തിന്റെ കണ്ടെത്തൽ ഈ വ്യാഖ്യാനവുമായി വിയോജിക്കുന്നതായി വിമർശനമുണ്ട്. ജനിച്ച ശേഷം മരണം വരെയുള്ള അവസ്ഥയെയാണ് ഇവിടെ حياة (ജീവിതം) കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്നും, അതിനു മുമ്പും പിമ്പും കോശങ്ങളിൽ വല്ല ജൈവ ഗുണവും നിലനിൽക്കുന്നുണ്ടെങ്കിൽ അത് ഇവിടെ ഉദ്ദേശിക്കപ്പെട്ട ജീവിതം അല്ലെന്നുമാണ് മറുപടി.

മറ്റൊരു വ്യാഖ്യാനം ഇങ്ങനെയാണ്: ജീവൻ ഹനിക്കപ്പെട്ട മത്സ്യം, മാംസം, ധാന്യങ്ങൾ, പഴങ്ങൾ തുടങ്ങിയവയിലൂടെയാണ് മനുഷ്യനും ജന്തുക്കളും അവരുടെ ജീവൻ നിലനിർത്തുന്നത്. ഈ ജീവികളിൽനിന്ന് വിസർജ്യങ്ങൾ, വിയർപ്പ്, രോമം തുടങ്ങിയ നിർജീവ വസ്തുക്കൾ ഉളവാകുന്നു. വസ്തുക്കളെ അചേതനാവസ്ഥയിൽനിന്ന് സചേതനാവസ്ഥയിലേക്ക് പരിണമിപ്പിക്കുന്നതും പിന്നെയും അചേതനാവസ്ഥയിലേക്ക് മാറ്റുന്നതും അല്ലാഹുവാകുന്നു എന്നാണ് വചനത്തിന്റെ മൊത്തം താൽപര്യം.

ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതിനെ ഉളവാക്കുക എന്ന ആശയത്തെ നിഷേധിക്കുന്ന ചില ആധുനിക ശാസ്ത്രകാരന്മാരുണ്ട്. അടിസ്ഥാനപരമായി ജീവൻ നിലനിൽക്കുന്നതിൽനിന്നല്ലാതെ ജീവികളുണ്ടാവുക സംഭവ്യമല്ല എന്ന വാദത്തിലൂടെ ആദി ജീവൻ അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന സത്യം ഖണ്ഡിതമായി സമ്മതിക്കുകയാണവർ.

يُدَبِّرُ ٱلْأَمْرَ എന്ന വാക്യത്തെയാണ് 'പ്രപഞ്ചകാര്യങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു' എന്ന് തർജമ ചെയ്തിട്ടുള്ളത്. പ്രപഞ്ചത്തിന്റെ ചെറുതും വലുതുമായ ഓരോ കാര്യവും സോദ്ദേശ്യം സംവിധാനിച്ചു സംരക്ഷിച്ചു വരുന്നത് എന്നാണ് താൽപര്യം.

تدبير ൽനിന്നുള്ള വർത്തമാനക്രിയയാണ് يُدَبِّرُ. ഒരു സംഗതി അതിന്റെ ലക്ഷ്യത്തിനൊത്തവണ്ണം പ്രവർത്തിപ്പിക്കുകയാണ് ഭാഷയിൽ تدبير. ആസൂത്രണം, ആസൂത്രണം ചെയ്തു നടപ്പിലാക്കൽ, ഭരണം തുടങ്ങിയ അർഥങ്ങളിൽ ഇതുപയോഗിച്ചു വരുന്നു. കൽപന, കാര്യം, ഭരണം എന്നീ അർഥങ്ങളാണ് أمر ന് ഉള്ളത്. يُدَبِّرُ ٱلْأَمْرَ مِنَ ٱلسَّمَآءِ إِلَى ٱلْأَرْضِ (വാനലോകം മുതൽ ഭൂലോകം വരെയുള്ള സകല സംഗതികളും അവൻ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു) എന്ന് സൂറ *അസ്സജദ*യിൽ പറയുന്നുണ്ട്. ഈ രണ്ടു സന്ദർഭങ്ങളിലും أمر നെ ഭരണം/കൽപന എന്ന അർഥത്തിലെടുത്താൽ, ആസൂത്രിതമായി ഭരണം നടത്തിക്കൊണ്ടിരിക്കുന്നു എന്നാകും താൽപര്യം.

അന്നദാതാവും ഇന്ദ്രിയശക്തികളുടെ അധിപനും ജനിമൃതികൾക്കുടമയും പ്രപഞ്ചത്തിന്റെ വിധാതാവുമെന്ന് മനുഷ്യർ സ്വയം സമ്മതിക്കുന്ന അല്ലാഹു -സാക്ഷാൽ ദൈവം- തന്നെയാണ് അവർ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യേണ്ട യഥാർഥ നാഥൻ. അവനു പുറമെ ദൈവം ചമയുന്നവരൊക്കെയും അയഥാർഥവും കൃത്രിമവുമായ ആരാധ്യരാണ്. പ്രപഞ്ചത്തിൽ പരസ്പര വിരുദ്ധമായ രണ്ടു സത്യങ്ങൾ ഇല്ല, ഉണ്ടാവുക സാധ്യമല്ല. ഒരു സത്യത്തിനെതിരെ പല അസത്യങ്ങളുണ്ടാവാം. അസത്യം എന്ന നിലയിൽ അവ തുല്യങ്ങളുമാകാം. പക്ഷേ, സത്യം ഒരു ബിന്ദുവിൽനിന്ന് മറ്റൊരു ബിന്ദുവിലേക്കുള്ള നേർരേഖ പോലെയാണ്. അതൊന്നേയുണ്ടാകൂ. അതല്ലാത്തതെല്ലാം വക്രരേഖകളായിരിക്കും. ഈ വസ്തുതയെയാണ് فَمَاذَا بَعْدَ ٱلْحَقِّ إِلَّا ٱلضَّلَٰلُ (സത്യമാർഗത്തിനുശേഷം പിഴച്ചമാർഗമല്ലാതെന്താണുള്ളത്?) എന്ന ചോദ്യം സൂചിപ്പിക്കുന്നത്. ഇതൊരനിഷേധ്യ യാഥാർഥ്യമാണെന്നിരിക്കെ ബുദ്ധിയും വിവേചന ശക്തിയുമുള്ള മനുഷ്യർ ബഹുദൈവവിശ്വാസത്തിലേക്കും അനാചാരങ്ങളിലേക്കും വ്യതിചലിപ്പിക്കപ്പെടുന്നതിന് യാതൊരു ന്യായീകരണവുമില്ല.

**33:** كَلِمَتُ رَبِّكَ (നിന്റെ നാഥന്റെ വചനം) എന്നതുകൊണ്ടുദ്ദേശ്യം, ദൈവം നിശ്ചയിച്ച പ്രകൃതി നിയമമാണെന്നും അതല്ല ശിക്ഷാ വിധിയാണെന്നും അഭിപ്രായങ്ങളുണ്ട്. ആദ്യത്തെ അഭിപ്രായമനുസരിച്ച്, അന്നദാതാവും ജ്ഞാനേന്ദ്രിയങ്ങൾക്കും ജനിമൃതികൾക്കും ഉടയവനും പ്രപഞ്ച വിധാതാവുമായ അല്ലാഹുവിനുമാത്രം അവകാശപ്പെട്ടതാകുന്നു ഉലൂഹിയ്യത്തും റുബൂബിയ്യത്തും (ദിവ്യത്വവും രക്ഷാധികാരവും) എന്നത് എപ്രകാരം സത്യമാണോ, അതേപ്രകാരം സത്യമായ പ്രകൃതി നിയമമാകുന്നു, സാക്ഷാൽ ദൈവത്തെയും അവന്റെ ധർമശാസനകളെയും ധിക്കരിച്ച് അധർമത്തിന്റെ വക്രമാർഗം സ്വീകരിക്കുന്നവർ സത്യം സ്വീകരിക്കാതെയും വിശ്വാസം കൈക്കൊള്ളാതെയുമിരിക്കുക എന്നത്. സത്യത്തിന്റെയും സന്മാർഗത്തിന്റെയും ധാരാളം ദൃഷ്ടാന്തങ്ങളും പ്രമാണങ്ങളും ഈ ലോകത്തുണ്ട്. അതു കണ്ടെത്താനും ഉൾക്കൊള്ളാനും പര്യാപ്തമായ ബുദ്ധിയും വിവേചന ശക്തിയും അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്നു. ബുദ്ധിയെയും വിവേചന ശക്തിയെയും ശരിയാംവണ്ണം ഉപയോഗിക്കാത്തവർ സത്യവും ധർമവും കാണാതിരിക്കുക എന്നത് പ്രകൃതി നിയമമാണ്. ധർമബോധവും സൽകർമ താൽപര്യവുമുള്ളവരേ സത്യവിശ്വാസം കൈക്കൊള്ളാനും ധാർമിക ജീവിതം നയിക്കാനും സന്നദ്ധരാകൂ. മിഥ്യാദൈവങ്ങളിൽ വിശ്വസിക്കുന്നവർ അധാർമികമായ ജീവിതചര്യകളനുവർത്തിക്കാനും അതിന്റെ തിക്തഫലങ്ങളനുഭവിക്കാനും വിധിക്കപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ അർഥമനുസരിച്ച് ആശയം ഇങ്ങനെയാണ്: മുൻചൊന്ന യാഥാർഥ്യങ്ങൾ പോലുള്ള യാഥാർഥ്യം തന്നെയാണ് ധർമധിക്കാരികൾ അല്ലാഹുവിന്റെ ശിക്ഷാവിധിക്ക് വിധേയരാകുന്നു എന്നത്. ആ ശിക്ഷ ഈ ലോകത്തുവെച്ചു തന്നെ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവർക്കേർപ്പെട്ട കാലവിപത്തുകളും വിശ്വാസികളുമായുണ്ടായ ഏറ്റുമുട്ടലുകളിൽ പറ്റിയ ക്ഷതങ്ങളുമൊക്കെ ആ ഗണത്തിൽ പെട്ടതാണ്. പക്ഷേ, അസത്യത്തിലും അധർമത്തിലും ആണ്ടുപോയവർ അതൊന്നും

മനസിലാക്കാനോ വിശ്വസിക്കാനോ തയാറാകുന്നില്ല. പരലോകത്തെത്തുമ്പോള്‍ തീര്‍ച്ചയായും അവര്‍ ഈ യാഥാര്‍ഥ്യങ്ങളെല്ലാം പൂര്‍ണമായി അംഗീകരിക്കേണ്ടതായും ഇഹലോകത്ത് അതു നിഷേധിച്ചു നടന്നതിന്റെ കൊടിയ ശിക്ഷ ഏറ്റുവാങ്ങേണ്ടതായും വരും.

**34:** പരലോക ജീവിതവും വിചാരണയുമൊക്കെ ഉണ്ടെങ്കില്‍ തന്നെ തങ്ങളാരാധിക്കുന്ന ദേവീദേവന്മാരും പുണ്യാത്മാക്കളും അല്ലാഹുവിനോടു ശിപാര്‍ശ ചെയ്ത് തങ്ങളെ എല്ലാ ശിക്ഷാനടപടികളില്‍നിന്നും രക്ഷപ്പെടുത്തും എന്ന വിഗ്രഹാരാധകരുടെ വിചാരത്തെ ഖണ്ഡിക്കുകയാണീ സൂക്തം. ബഹുദൈവവിശ്വാസികള്‍ പരലോക ജീവിതത്തെ അസന്ദിഗ്ധമായി നിഷേധിച്ചിരുന്നില്ല. അക്കാര്യത്തില്‍ കടുത്ത സന്ദേഹമാണവര്‍ക്കുണ്ടായിരുന്നത്. മരിച്ചുമണ്ണായിപ്പോയ മനുഷ്യരെല്ലാം ഒരുനാള്‍ ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെടും എന്നതിനെ അതിവിദൂരമായ കാര്യമായിട്ടാണവര്‍ കണ്ടത്. അവരുടെ നിലപാട് ഇതായിരുന്നു: ഉയിര്‍ത്തെഴുന്നേല്‍പും വിചാരണാ സഭയുമൊന്നും ഉണ്ടാകാന്‍ പോകുന്നില്ല. അഥവാ ഉണ്ടാവുകയാണെങ്കില്‍ തന്നെ നാം എത്തിച്ചേരുക നാം ആരാധിച്ചു പ്രീതിപ്പെടുത്തിയ ഉപദൈവങ്ങളായ ശിപാര്‍ശകരുടെ സന്നിധിയിലായിരിക്കും. അവര്‍ തീര്‍ച്ചയായും നമ്മെ നരകത്തിനുവിട്ടുകൊടുക്കുകയില്ല. ഈ വിചാരഗതിയെ മുന്നില്‍വെച്ചുകൊണ്ട് ചോദിക്കുകയാണ്. നിങ്ങള്‍ വിശ്വാസമര്‍പ്പിച്ച ഉപദൈവങ്ങളില്‍ സൃഷ്ടി നടത്തുകയും എന്നിട്ടതിനെ നശിപ്പിക്കുകയും വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്ന വല്ലവരുമുണ്ടോ? ഉണ്ടെങ്കില്‍ നിങ്ങളുടെ വിചാരത്തിന് ന്യായമുണ്ട്. സൃഷ്ടിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നവര്‍ക്ക് സൃഷ്ടികളെ വിചാരണ ചെയ്യാനും രക്ഷാശിക്ഷകള്‍ നല്‍കാനും കഴിവുണ്ടായിരിക്കും. പക്ഷേ, ആദ്യം സൃഷ്ടിക്കുന്നതും നശിപ്പിച്ചശേഷം പുനഃസൃഷ്ടിക്കുന്നതും അല്ലാഹുവാണ്, അവനു മാത്രമേ അതിനു കഴിയൂ. ഇക്കാര്യം ആലോചിച്ചു നോക്കിയാല്‍ നിങ്ങള്‍ക്ക് സ്വയം ബോധ്യമാകും. സ്രഷ്ടാവും പരിപാലകനും സംഹാരകനും പുനഃസ്രഷ്ടാവും ഒരേയൊരു ദൈവമാണെങ്കില്‍ ആ സൃഷ്ടിയെ വിചാരണ ചെയ്യാനും രക്ഷാശിക്ഷകള്‍ വിധിക്കാനും, അല്ലെങ്കില്‍ വിചാരണയിലും രക്ഷാശിക്ഷകളിലും ഇടപെടാന്‍ സാക്ഷാല്‍ ദൈവമല്ലാത്ത മറ്റാര്‍ക്കെങ്കിലും അവസരമോ അവകാശമോ ലഭിക്കുന്നതെങ്ങനെയാണ്? ആദിസ്രഷ്ടാവും പുനഃസ്രഷ്ടാവും അല്ലാഹു മാത്രമാണെന്ന് സമ്മതിക്കുന്നതിന്റെ അനിവാര്യതയായി സമ്മതിക്കേണ്ടതാണ്, വിചാരണ ചെയ്യുന്നവനും രക്ഷാശിക്ഷകള്‍ വിധിക്കുന്നവനും അവന്‍ തന്നെയായിരിക്കുക എന്നത്. അതിന്റെ നിഷേധം ആദ്യം സമ്മതിച്ചതിന്റെ നിഷേധമാകും. എന്നിട്ടും നിങ്ങള്‍ ആദ്യത്തേതിനെ അംഗീകരിക്കുകയും രണ്ടാമത്തേതിനെ നിഷേധിക്കുകയും ചെയ്യുകയാണ്. യാഥാര്‍ഥ്യങ്ങളെ ഇവ്വിധം അട്ടിമറിക്കാന്‍ നിങ്ങള്‍ക്കെങ്ങനെ കഴിയുന്നു. فَأَنَّىٰ تُؤْفَكُونَ എന്നാണ് മൂലവാക്യം. إفك ല്‍ നിന്നുള്ള വര്‍ത്തമാന ബഹുവചന അകര്‍മക ക്രിയയാണ് تُؤْفَكُونَ. മനഃപൂര്‍വമുള്ള കള്ളമാണ് إفك. ഇതേ അര്‍ഥം തന്നെയാണ് إفتراء ന്നും ഉള്ളത്. കീഴ്മേല്‍ മറിയുക എന്നും إفك ന് അര്‍ഥമുണ്ട്. സൂറ *അന്നജ്മ്* 53-ാം സൂക്തത്തില്‍ وَٱلْمُؤْتَفِكَةَ أَهْوَىٰ (കീഴ്മേല്‍ മറിഞ്ഞ നഗരത്തെ നാം പൊക്കിയെറിഞ്ഞു) എന്ന് പ്രസ്താവിച്ചിട്ടുണ്ട്. إفك ന്റെ മൗലികമായ അര്‍ഥം കീഴ്മേല്‍ മറിയുക എന്നാണെന്നും കീഴ്മേല്‍ മറിക്കപ്പെട്ട സത്യം എന്ന നിലയിലാണ് കള്ളം എന്ന അര്‍ഥം ലഭിക്കുന്നതെന്ന് ഭാഷാപണ്ഡിതന്മാര്‍ പറയുന്നു. ■